"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - -തൃശ്ശൂർ ജില്ല--വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് കാഷ്വൽ സ്വീപ്പർ ശ്രീമതി സിനിതകുമാരി ബി. -യെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം- നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

G.O.(Rt)No.3160/2022/LSGD തീയതി,തിരുവനന്തപുരം, 21-12-2022

പരാമർശം:- 1. WP(C) No. 16729/2022 നമ്പർ ഹർജിയിൻ മേൽ ബഹു.കേരള ഹൈക്കോടതിയുടെ 24/05/2022 തീയതിയിലെ വിധിന്യായം

2. പഞ്ചായത്ത് ഡയറക്ടറുടെ 31.07.2022 തിയതിയിലെ PAN/9674/2022-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.സിനിതകുമാരിയെ സ്ഥിരപ്പെടുത്തുന്നതിനായി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 16729/2022 നമ്പർ ഹർജിയിൻ പരാമർശം (1) വിധിന്യായ പ്രകാരം Ext.P1 ന്മേൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിച്ചിരുന്നു.

2. വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

...............the writ petition is disposed of, without expressing any opinion on merits and directing the Government to take a decision on Ext.P1 of the Panchayat, if the recommendation is received at the office of the 1st respondent.The decision, as directed above, shall be taken within an outerlimit of two months of receipt of the judgment. Till such time, the petitioner's engagement as casual Sweeper shall not be terminated.

3. 25/11/2005 ലെ സ. ഉ (പി) നം.501/2005/ധന അനുസരിച്ച് ഉത്തരവ് തീയതിയിൽ 100 ച .മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ ജോലി നോക്കി വരുന്ന താൽക്കാലിക/കാഷ്വൽ സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 2009 മുതൽ മാത്രം സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.സിനിതകുമാരിയ്ക്ക് മേൽ ഉത്തരവിന്റെ ആനുകൂല്യം നല്കാനാവില്ല. മാത്രമല്ല തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിലാണ് ശ്രീമതി.സിനിതകുമാരി 2009 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നത്. പാർട്ട് ടൈം സ്വീപ്പർ തസ്തിക എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതും അവരെ പത്ത് വർഷത്തിലധികം തുടരാൻ അനുവദിച്ചതും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.പാർട്ട് ടൈം സ്വീപ്പർ തസ്തിക എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടികൾ ആരംഭിച്ച സാഹചര്യത്തിലാണ് ശ്രീമതി.സിനിതകുമാരി കേസ് ഫയൽ ചെയ്തിട്ടുള്ളത്.

4. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നിലവിൽ

ഒഴിഞ്ഞുകിടക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.സിനിതകുമാരിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (1) ലെ ബഹു.കേരള ഹൈക്കോടതിയുടെ 24/05/2022 തീയതിയിലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIJA C G
DEPUTY SECRETARY

ശ്രീമതി.സിനിതകുമാരി ,പാർട്ട് ടൈം സ്വീപ്പർ ,വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്,

തൃശ്ശൂർ ജില്ല . (സെക്രട്ടറി, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.

സെക്രട്ടറി, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/157/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 22-12-2022 12:04:24**
സെക്ഷൻ ഓഫീസർ